## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*512.** **02.07.2019 ൽ മറുപടിയ്ക്ക്**

## മയക്കുമരുന്ന് കടത്ത് തടയാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ.എം. കെ. മുനീർ<br>ശ്രീ.കെ.എൻ.എ ഖാദർ<br>,, കെ.എം.ഷാജി<br>,, സി.മമ്മൂട്ടി | | ശ്രീ.ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഓൺലൈൻ ഭക്ഷ്യവിതരണ ശൃംഖലകളുടെയും ഓൺലൈൻ സേവനങ്ങളുടെയും മറവിൽ മയക്കുമരുന്ന് ഉല്പന്നങ്ങളുടെ കൈമാറ്റം നടക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; ഇതുസംബന്ധിച്ച വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കണ്ടെത്തിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് നടത്തിയ പരിശോധനകളിൽ 3 കേസ് രജിസ്റ്റർ ചെയ്ത് 14 പേർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ഇത്തരത്തിലുള്ള കൈമാറ്റം കണ്ടെത്തി കുറ്റക്കാരെ പിടികൂടാൻ എന്തെല്ലാം പദ്ധതികളാണ് വകുപ്പ് തയ്യാറാക്കിയിട്ടുള്ളത്; വിശദമാക്കാമോ; | (ബി) | ഓൺലൈൻ ഭക്ഷണ വിതരണ ശൃംഖലകളുടെ ഡെലിവറി ജീവനക്കാർ മയക്കുമരുന്ന് ഉല്പന്നങ്ങളുടെ കൈമാറ്റം നടത്തുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിനായി പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്. ഓൺലൈൻ ഭക്ഷണ വിതരണം നടത്തുന്ന വാഹനങ്ങൾ പരിശോധിക്കുകയും ഓൺലൈൻ സേവനങ്ങൾ നൽകുന്ന കമ്പനികളുടെ ഓഫീസും ഗോഡൗണുകളും നിരീക്ഷിച്ച് വരികയും ചെയ്യുന്നു. ഓരോ ഭക്ഷണ വിതരണ സ്ഥാപനങ്ങളിലും ഭക്ഷണം വിതരണം നടത്തുന്ന ഡെലിവറി ബോയിസിന്റെ പേര്, മൊബൈൽ നമ്പർ, ഭക്ഷണ വിതരണത്തിന് ഉപയോഗിക്കുന്ന വാഹനത്തിന്റെ നമ്പർ എന്നിവ ശേഖരിച്ച് രഹസ്യ നിരീക്ഷണം നടത്തിയും സംശയം തോന്നുന്ന വ്യക്തികളെയും വാഹനങ്ങളും പരിശോധന നടത്തിയും മയക്കുമരുന്ന് വിതരണം നടത്തുന്നില്ലെന്ന് ഉറപ്പുവരുത്തുന്നു. ടോൾ ഫ്രീ നമ്പർ ഉൾപ്പെടെയുള്ള സംസ്ഥാനത്തെ വിവിധ എക്സൈസ് ഓഫീസുകളിലെ ഫോൺ നമ്പരുകൾ പരസ്യപ്പെടുത്തുകയും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും |

| | | | |
|---|---|---|---|
| | | | സ്ഥാപിച്ചിട്ടുള്ള പരാതിപ്പെട്ടികളിലൂടെയും മറ്റും പരാതികൾ സ്വീകരിച്ച് കർശന നടപടികൾ സ്വീകരിച്ചുവരുകയും ചെയ്യുന്നു. കൂടാതെ ജില്ലകളിലെ പോലീസ് മേധാവികളുമായി ഈ വിഷയം ചർച്ച ചെയ്ത് കൂട്ടായ പ്രവർത്തനം നടത്തി വരുന്നു. |
| (സി) | അന്തർസംസ്ഥാന ബസ് സർവ്വീസുകളിൽ മയക്കുമരുന്ന് ഉല്പന്നങ്ങളുടെ പരിശോധനയ്ക്കും കൊറിയർ, പാഴ്സൽ സർവ്വീസ് ഏജൻസികളെ നിരീക്ഷിക്കുവാനും നിലവിൽ സംവിധാനമുണ്ടാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ? | (സി) | ഉണ്ടാക്കിയിട്ടുണ്ട്. അന്തർ സംസ്ഥാന ബസ് സർവ്വീസുകളിൽ മയക്കുമരുന്ന് ഉല്പന്നങ്ങളുടെ കടത്ത് തടയുന്നതിനായി നിരന്തര പരിശോധന നടത്തുകയും ചെക്ക് പോസ്റ്റുകളിലെ വാഹന പരിശോധന കർശനമാക്കുകയും ചെയ്തിട്ടുണ്ട്. അതിർത്തി പ്രദേശങ്ങളിൽ ബോർഡർ പട്രോളിംഗ് യൂണിറ്റുകൾ 24 മണിക്കൂറും വാഹന പരിശോധന നടത്തുകയും വാഹനങ്ങൾ ആകസ്മിക പരിശോധനയ്ക്ക് വിധേയമാക്കുകയും ചെയ്തുവരുന്നു. കൊറിയർ/പാർസൽ സർവ്വീസ് ഏജൻസികളുടെ ഓഫീസും ഗോഡൗണുകളും നിരന്തരം നിരീക്ഷിക്കുകയും സംശയമുണ്ടാകുന്ന കേസുകളിൽ പരിശോധന നടത്തുകയും ചെയ്തുവരുന്നു. കൂടാതെ എക്സൈസ് കമ്മീഷണറുടെ പ്രത്യേക സ്ക്വാഡുകൾ ഷാഡോ എക്സൈസ്, എക്സൈസ് ഇന്റലിജൻസ് എന്നീ വിഭാഗങ്ങളെ ഉപയോഗിച്ചും പ്രത്യേക പരിശോധനകളും, നിരീക്ഷണങ്ങളും നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ